## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 327. — 09.04.2013 ൽ മറുപടിക്ക്

**ബി.പി.എൽ. റേഷൻ കാർഡ് ലഭിക്കാത്തവർക്ക് കുറഞ്ഞ വിലയ്ക്ക് അരി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ എസ്. രാജേന്ദ്രൻ:<br>„ കെ.വി. അബ്ദുൾ ഖാദർ<br>„ കെ. കുഞ്ഞിരാമൻ (ഉദുമ):<br>„ പുരുഷൻ കടലുണ്ടി: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ബി.പി.എൽ. റേഷൻ കാർഡ് ഇതുവരെയും ലഭിക്കാത്ത ബി.പി.എൽ. കാർക്ക് കുറഞ്ഞ വിലയ്ക്ക് റേഷനരി നല്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ നല്കാനാകും എന്നാണ് കരുതുന്നത് ; | (എ) | 2009 ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ നിലവിൽ ബി.പി.എൽ. റേഷൻ കാർഡ് ലഭിക്കാത്തതുമായ എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ അരി വിതരണം 2013 ജനുവരി മാസം മുതൽ നടത്തുന്നുണ്ട്. |
| (ബി) | ഇതിനായി കേന്ദ്രം അധിക ധാന്യം അനുവദിച്ചിട്ടുണ്ടായിരുന്നോ; അനുവദിച്ച ധാന്യം എത്ര; മുഴുവൻ ഏറ്റെടുക്കുകയുണ്ടായോ; | (ബി) | ബി.പി.എൽ. വിഭാഗക്കാർക്ക് അധിക വിഹിതമായി 132725 മെ.ടൺ അരിയും 54211 മെ.ടൺ ഗോതമ്പും കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. ഈ വിഹിതത്തിൽ നിന്ന് 105568.7 മെ.ടൺ അരിയും 39244.5 മെ.ടൺ ഗോതമ്പും വിട്ടെടുത്തുകഴിഞ്ഞു. അവശേഷിക്കുന്ന വിഹിതംകൂടി വിട്ടെടുക്കാനുള്ള സമയപരിധി ദീർഘിപ്പിച്ച് നല്കുവാനായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ഇങ്ങനെ ലഭിച്ച ധാന്യം പൊതു വിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്താൻ എത്ര മാത്രം സഹായിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗക്കാർക്ക് അധിക വിഹിതമായി അനുവദിച്ച ഭക്ഷ്യ ധാന്യങ്ങൾ നിലവിൽ ബി.പി.എൽ. റേഷൻ കാർഡ് ഉടമകൾക്ക് നല്കുന്ന സാധാരണ വിഹിതത്തിനു പുറമേ 5 കിലോഗ്രാം അരിയും 2 കിലോഗ്രാം |

ഗോതമ്പും പ്രതിമാസം അധികമായി വിതരണം നടത്തുന്നുണ്ട്. കൂടാതെ 2009 ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടി ട്ടുളളതും എന്നാൽ നിലവിൽ ബി.പി.എൽ. കാർഡ് ലഭിക്കാത്തതുമായ എ.പി.എൽ. വിഭാഗക്കാർക്ക് നിലവിലുളള വിഹിത ത്തിനു പുറമേ പ്രതിമാസം 6.20 രൂപയ്ക്ക് 19 കിലോഗ്രാം അരിയും 4.70 രൂപയ്ക്ക് 6 കിലോഗ്രാം ഗോതമ്പും വിതരണം നടത്തു ന്നുണ്ട്. പൊതു വിപണയിലെ വിലയേ ക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ടി ഭക്ഷ്യധാന്യങ്ങൾ നല്കുന്നത്. ഈ നടപടി കൾ മൂലം പൊതുവിപണിയിലെ വില ക്കയറ്റം നല്ലൊരുപരിധിവരെ പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

(ഡി) ഇത് കരിഞ്ചന്തയിലേക്ക് പോയിട്ടുളള തായ പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുക യുണ്ടായോ ; എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ;

(ഡി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ